# ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ നടപടി ക്രമം

(ഹാജർ: ഡോ. ടി.എൻ. സീമ)

വിഷയം : ഹരിതകേരളം മിഷൻ–തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രാഥമിക ചെലവ് വഹിക്കുന്നതിനായി ആറ് മാസത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുള്ള തുക കണക്കാക്കിയത്– സംബന്ധിച്ച്.

പരാമർശം : 1.) 15.07.2017–ലെ സ.ഉ.(സാധാ) നം. 2420/2017/തസ്വഭവ നമ്പർ ഉത്തരവ്.
2.). സ.ഉ. (സാധാ) നം. 1391/2018/തസ്വഭവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം. എച്ച്.കെ.എം/എ2/1218/2017 തീയതി 23.05.2018</u>**

ഹരിത കേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതിൽ ഹരിത കേരളം മിഷന്റെ ശുചിത്വ–മാലിന്യ സംസ്കരണ ഉപമിഷന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഗാർഹിക സ്ഥാപനതല ജൈവ–മാലിന്യ സംസ്കരണവും അജൈവമാലിന്യ പുനർചംക്രമണവും. ഈ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന രൂപീകരിക്കുവാൻ പരാമർശം (1) ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും യൂസർഫീയായി പിരിക്കുന്ന തുക ഉപയോഗിച്ച് ഹരിത കർമ്മസേന പ്രവർത്തിക്കണമെന്നാണ് പരാമർശം (1) മാർഗ്ഗരേഖയിൽ പറയുന്നത്. എന്നാൽ ഹരിതകർമ്മസേന പ്രവർത്തിപ്പിക്കാൻ കഴിയുംവിധത്തിൽ യൂസർഫീ ലഭിച്ചു തുടങ്ങാൻ കാലതാമസം ഉണ്ടായേക്കുമെന്നതിനാൽ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ടുപോകണമെങ്കിൽ കുറഞ്ഞത് ആദ്യത്തെ 6 മാസക്കാലത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകേണ്ടതുണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിൽ താഴെ പറയുംപ്രകാരമുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് (ഒരു വാർഡിന്) | – | 23175/– രൂപ |
| മുനിസിപ്പാലിറ്റി (ഒരു വാർഡിന്) | – | 46,350/– രൂപ |
| കോർപ്പറേഷൻ (ഒരു വാർഡിന്) | – | 92,700/– രൂപ |

ഒരു ഗ്രാമപഞ്ചായത്തിൽ ഒരു വാർഡിൽ 500 വീടുകളും, മുനിസിപ്പാലിറ്റികളിൽ 1200 വീടുകളും, കോർപ്പറേഷനുകളിൽ ഒരു വാർഡിൽ 2400 വീടുകളും എന്ന് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിലാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

എന്നാൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഓരോ പ്രദേശത്തിന്റേയും മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രത്യേകമായി നിജപ്പെടുത്തണമെന്ന് പരാമർശം (2) ൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓരോ വാർഡിന്റെയും വയബിലിറ്റി ഗ്യാപ് ഫണ്ട് താഴെ പറയുംപ്രകാരം നിശ്ചയിക്കുന്നതിനു ഉത്തരവാകുന്നു. വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണം കൂടുന്ന സാഹചര്യത്തിലും പരാമർശം (2) ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കാൻ പാടില്ല.

ഗ്രാമപഞ്ചായത്ത് = 23175 രൂപ x നിലവിലുള്ള വീടുകളും സ്ഥാപനങ്ങളും (500 –ൽ താഴെയാണെങ്കിൽ മാത്രം)
വി.ജി.എഫ്. 500
(ഒരു വാർഡിന്)

മുനിസിപ്പാലിറ്റി = 46350 രൂപ x നിലവിലുള്ള വീടുകളും സ്ഥാപനങ്ങളും (1200 –ൽ താഴെയാണെങ്കിൽ മാത്രം)
വി.ജി.എഫ്. 1200
(ഒരു വാർഡിന്)

കോർപ്പറേഷൻ = 92700 രൂപ x നിലവിലുള്ള വീടുകളും സ്ഥാപനങ്ങളും (2400 –ൽ താഴെയാണെങ്കിൽ മാത്രം)
വി.ജി.എഫ്. 2400
(ഒരു വാർഡിന്)

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

To,

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഗ്രാമം)
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ
4. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
11. എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
14. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ/സെക്രട്ടറിമാർക്കും
15. കരുതൽഫയൽ/ഓഫീസ് കോപ്പി